പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2768 10/03/2017-ൽ മറുപടിയ്ക്ക്**

**<u>എൽ.പി.എസ്.എ. യുടെ ശമ്പളം</u>**

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ** | | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) | കരുവാറ്റ എസ്.കെ.വി.എൻ.എസ്.എസ്. യു.പി. സ്കൂളിലെ എൽ.പി.എസ്.എ. ആയ ശ്രീമതി എസ്. ജയശ്രീയുടെ ശമ്പളം നല്കാതിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുമോ; | എ) | ആദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെട്ട ഇറവൂർ പാണാവള്ളി എൽ.പി. സ്കൂളിൽ നിന്നും അനാദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെട്ട കരുവാറ്റ എസ്.കെ.വി.എൻ.എസ്.എസ് സ്കൂളിലേയ്ക്ക് എൽ.പി.എസ്.എ. ആയ ശ്രീമതി എസ്. ജയശ്രീയെ സ്ഥലം മാറ്റിയ മാനേജരുടെ നടപടി ക്രമവിരുദ്ധമാണ്. ഇക്കാരണത്താലാണ് ശ്രീമതി എസ് ജയശ്രീയുടെ സ്ഥലമാറ്റ നിയമനം അംഗീകരിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നതിന് സാധിക്കാതെ വന്നിരിക്കുന്നത്. ടി അദ്ധ്യാപികയുടെ സ്ഥലംമാറ്റ നിയമനം പരിശോധിച്ച് ക്രമീകരിക്കേണ്ടതായുണ്ട്. |
| ബി) | ഈ അദ്ധ്യാപികയുടെ ശമ്പളം നിഷേധിച്ചത് സംബന്ധിച്ച് 23/11/2016-ൽ എൻ.എസ്.എസ് മാനേജ്മെന്റ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷന് നാളിതുവരെയായി മറുപടി നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ; | ബി) യും സി) യും | റിവിഷൻ പെറ്റീഷൻ പരിശോധിച്ച് വരികയാണ്. |
| സി) | ഈ റിവിഷൻ പെറ്റീഷന് എന്ന് മറുപടി നൽകുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ